**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **27-01-2026 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനകീയ ഇടപെടലിലൂടെ വികസന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമാർജ്ജനത്തിന് ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ആശയം മുൻനിർത്തി വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ രീതിയാണ് കേരളമൊട്ടാകെ പിന്തുടരുന്നത്. ലോകത്ത് കൂടുതലായും കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ രീതിയാണ് പിന്തുടരുന്നത്. പല സ്ഥലങ്ങളും അതിന്റെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുമുണ്ട്, ഈ സാഹചര്യത്തിലാണ് കേരളം പിന്തുടരുന്ന വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ സംസ്ക്കരണ രീതി ലോകത്തിന് തന്നെ മാതൃകയാകുന്നത്. പ്രത്യേകിച്ച് കേരളം പോലെ സ്ഥല പരിമിതി ഉള്ള ഇടങ്ങളിൽ ഇത്തരത്തിൽ എല്ലാ വീടുകളിലും ജൈവ മാലിന്യ പരിപാലന സംവിധാങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് തിരുവനന്തപുരം കോർപറേഷൻ അന്താരാഷ്ട്ര അംഗീകാരവും നേടിയിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഹരിതകർമ്മ സേന അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. സർക്കാരിനൊപ്പം ഇത്തരത്തിൽ മാലിന്യ പരിപാലനത്തിൽ പ്രവർത്തിച്ച് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിച്ച ഹരിത കർമ്മ സേനയും ലോകത്തിന് മാതൃകയാണ്.** |
| (ബി) | സംസ്ഥാനത്തെ മാലിന്യ നിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **വൃത്തി 2025 : ദി ക്ലീൻ കേരള കോൺക്ലേവ്" ന്റെ ഭാഗമായി 2025 ഏപ്രിൽ 11-ന് ഒരു ബിസിനസ് മീറ്റ് സംഘടിപ്പിക്കുകയുണ്ടായി. കേരള സ്റ്റാർട്ട്-അപ്പ് മിഷന്റെ സഹകരണത്തോടെ ബിസിനസ് മീറ്റിന്റെ ഭാഗമായി ഒരു സ്റ്റാർട്ട് അപ്പ് മീറ്റും നടത്തി.**<br><br>മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളെയും വ്യവസായികളെയും ഒരുമിച്ച് ചേർത്ത് നടത്തിയ ബിസിനസ് മീറ്റിൽ, ശുചിത്വപരിപാലന രംഗത്തെ വിവിധ നിക്ഷേപ |

| | | | |
|---|---|---|---|
| | | | സാധ്യതകളെ കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. ബിസിനസ് മീറ്റിൽ സംഘടിപ്പിച്ച ഓപ്പൺ ഫോറത്തിൽ വ്യവസായ പ്രതിനിധികൾക്ക് അവരുടെ ആശങ്കകൾ ഉന്നയിക്കാനും നിക്ഷേപ സാധ്യതകൾ പരിശോധിക്കാനും സഹായമായി.<br><br>**നിക്ഷേപങ്ങൾ വൈവിധ്യമാർന്ന മേഖലകളിലേക്ക് വിപുലീകരിക്കാനും കേരളത്തിൽ പ്രവർത്തനങ്ങൾ വർധിപ്പിക്കുവാനും ബിസിനസ് മീറ്റ് കമ്പനികളെ പ്രോത്സാഹിപ്പിച്ചു. RDF, ബയോ-നോൺ ബയോ മാലിന്യം, ഇന്റഗ്രേറ്റഡ് വെയ്സ്റ്റ് മാനേജ്മെന്റ്, വെയ്സ്റ്റ് ടു എനർജി, മാലിന്യ സംസ്കരണത്തിൽ AI, ദ്രവ മാലിന്യം, റീസൈക്ലിംഗ്, അപ്പ്സൈക്ലിംഗ്, മൊബൈൽ ഇൻസിനറേറ്റർ എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ നിക്ഷേപിക്കാൻ തയ്യാറായി വിവിധ കമ്പനികൾ മുന്നോട്ട് വന്നു.** |
| (സി) | വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ പാഴ് വസ്തുക്കൾ നേരിട്ട് കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ "ഇക്കോ ബാങ്ക്സ്" എന്ന പുതിയ സംരംഭത്തിന് ഉടക്കമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **ഉണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും പ്രത്യേക സാഹചര്യങ്ങളിൽ (വിവാഹ** ചടങ്ങുകളോ, മറ്റ് ആഘോഷ പരിപാടികളോ) ഉത്പാദിപ്പിക്കപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ പൊതുജനങ്ങളിലും സ്ഥാപനങ്ങളിലും നിന്ന് നേരിട്ട് സ്വീകരിക്കുന്നതിനായി രൂപീകരിച്ച ശേഖരണ കേന്ദ്രങ്ങളാണ് "ഇക്കോ ബാങ്കുകൾ". പുനഃചക്രമണം ചെയ്യാൻ കഴിയുന്ന അജൈവ പാഴ് വസ്തുക്കൾക്ക് വില നൽകുകയും, പുനഃ ചംക്രമണത്തിനു വിധേയമാക്കാൻ കഴിയാത്ത മാലിന്യങ്ങൾക്ക് സംസ്കരണച്ചെലവിന്റെ ഭാഗമായി ഫീസ് ഈടാക്കിയും പാഴ് വസ്തുക്കൾ പൊതു ജനങ്ങൾക്കു നേരിട്ട് എത്തിക്കാൻ കഴിയുന്ന സംവിധാനങ്ങളാണ് ഇക്കോ ബാങ്കുകൾ.<br><br>കേരള സംസ്ഥാനത്തെ 14 ജില്ലകളിലുമായി ഇതിനകം ഇക്കോ ബാങ്ക് ശേഖരണ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യകത അനുസരിച്ച് ഈ സംവിധാനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. **ഇതുവരെ ഇക്കോ ബാങ്ക് സംവിധാനത്തിലൂടെ ആകെ 14 മെട്രിക് ടൺ (MT) അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ഡി) | സംസ്ഥാനത്ത് ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി മുഴവൻ ജലാശയങ്ങളേയും മാലിന്യ മുക്തമായി സംരക്ഷിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | **ഉണ്ട്. സംസ്ഥാനത്ത് മുഴവൻ ജലാശയങ്ങളേയും മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റിതലത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ** |

| | | | | |
|---|---|---|---|---|
| | | | | **AMRUT , Impact Kerala Ltd , SBM എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.**<br><br>നിലവിൽ 8 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും 5 ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റുകളും പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ 4 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും 4 ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തികൾ നിർമ്മാണ ഘട്ടത്തിലാണ്. കൂടാതെ 6 FSTP (Faecal Sludge Treatment Plant) പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവർത്തി ആരംഭിക്കുന്ന ഘട്ടത്തിലുമാണ്. അതോടൊപ്പം സ്ഥാപനതലത്തിൽ ദ്രവ മാലിന്യ സംസ്കരണത്തിനായി Sewage Treatment Plant(STP), Effluent Treatment Plant(ETP), Greywater Treatment Plant മുതലായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു. കക്കൂസ് മാലിന്യ സംസ്കരണത്തിനായി വാഷ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് ഉപയോഗിച്ച് വരുന്നുണ്ട്. നിലവിൽ 18 തദ്ദേശസ്ഥാപനങ്ങളാണ് ഇവ വാങ്ങിയിട്ടുള്ളത്.<br><br>സ്ഥലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ ദ്രവമാലിന്യ സംസ്കരണത്തിനായി ഭൂഗർഭ സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പദ്ധതികൾ ഏറ്റെടുത്ത് വരുന്നു. ആയത് നടപ്പിലാക്കുന്നതിന് ഇംപാക്ട് കേരള PVT ലിമിറ്റഡിന് അനുവാദം നൽകിയിട്ടുള്ളതാണ്.<br><br>**കൺവെൻഷണൽ എസ്.ടി.പി. സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും പ്ലാന്റ് സ്ഥാപിക്കുന്നതിന് വളരെ കുറഞ്ഞ സ്ഥലം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ Packaged STP കൾ സ്ഥാപിക്കുന്നതിന് വേണ്ടി പ്രാവീണ്യമുള്ള 15 ഏജൻസികളെ ശുചിത്വമിഷൻ എംപാനൽ ചെയ്തിട്ടുണ്ട്. ആയവ DBOT (Design-Build-Operate-Transfer) മാതൃകയിൽ നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ